# പതിനഞ്ചാം കേരള നിയമസഭ

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
## (2023-2026)

## എൺപത്തിയൊന്നാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 04-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

*2026*

# പതിനഞ്ചാം കേരള നിയമസഭ

**പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി**
**(2023-2026)**

**എൺപത്തിയൊന്നാമത് റിപ്പോർട്ട്**

**തിരുവനന്തപുരം ജില്ലയിലെ ജലവിതരണ പദ്ധതികളെക്കുറിച്ചുള്ള സ്വതന്ത്രപഠനം സംബന്ധിച്ച റിപ്പോർട്ട്**

**ഉള്ളടക്കം**


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-2026)

### ഘടന

***ചെയർപേഴ്സൺ:***

ശ്രീ. ഇ ചന്ദ്രശേഖരൻ

***അംഗങ്ങൾ:***

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

## ആമുഖം

വളരെ അമൂല്യമായ പ്രകൃതി വിഭവമാണ് ജലം. ഓരോ വേനൽകാലവും നമുക്ക് കുടിവെള്ള ക്ഷാമത്തിന്റെ കാലമാണ്. വർഷം കഴിയും തോറും ഈ അവസ്ഥ ആവർത്തിക്കുന്നുവെന്ന് മാത്രമല്ല പ്രശ്നത്തിന്റെ രൂക്ഷത കൂടി വരികയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ശുദ്ധജല സ്രോതസ്സുകൾ വറ്റിവരളുമ്പോൾ ആഗോളതാപനം പോലെതന്നെ ആഗോളതലപ്രശ്നമായി കുടിവെള്ളക്ഷാമവും ഇന്ന് മാറിയിരിക്കുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്നത് ജലവിതരണമേഖലയിലെ ഒരു പ്രധാന വെല്ലുവിളിയാണ്. കേരള ജല അതോറിറ്റിയാണ് (കെ.ഡബ്ല്യു.എ) കേരളത്തിൽ കുടിവെള്ള വിതരണം നടത്തുന്ന പ്രധാന ഏജൻസി. നഗരമേഖലയിലെ വൻകിട പദ്ധതികൾ കേരള ജല അതോറിറ്റി ഏറ്റെടുത്ത് നടത്തുമ്പോൾ ഗ്രാമീണ മേഖലയിലെ ചെറുകിട ജലവിതരണ പദ്ധതികളിലാണ് ജലനിധി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

സംസ്ഥാനത്തെ പല ജില്ലകളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ടെന്നും പല കാരണങ്ങളാൽ ജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലതാമസത്തിനുള്ള കാരണങ്ങൾ വിലയിരുത്തുന്നതിനും ആയത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വേണ്ടി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 201 പ്രകാരം ജലദൗർലഭ്യം രൂക്ഷമായിട്ടുള്ള കാസർഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിലെ ജലവിതരണ പദ്ധതികളെക്കുറിച്ച് ഒരു സ്വതന്ത്രപഠനം നടത്തുവാൻ 2021-2023 ലെ സമിതി തീരുമാനിച്ചു. അതനുസരിച്ച് കാസർഗോഡ് ജില്ലയിലെ കേരള ജല അതോറിറ്റിയുടെ പ്രവർത്തനം സമിതി പരിശോധിക്കുകയും ജില്ലയിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കി ആയത് പരിഹരിക്കുന്നതിനാവശ്യമായ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്വതന്ത്രപഠന റിപ്പോർട്ട് തയ്യാറാക്കി സമിതി (2021-23)യുടെ 9-ാമത് റിപ്പോർട്ടായി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

തിരുവനന്തപുരം ജില്ലയിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന വിവിധ ജലവിതരണ പദ്ധതികളുടെ പൂർത്തീകരണത്തിലുള്ള കാലതാമസവും ജില്ലയിലെ കേരള ജലഅതോറിറ്റിയുടെ പ്രവർത്തനവും പ്രത്യേക പഠനവിഷയമാക്കിയ സമിതി 12.01.2022,

22.11.2022, 27.05.2025 തീയതികളിൽ അരുവിക്കര, നെയ്യാർഡാം, കഴക്കൂട്ടം തുടങ്ങിയ സ്ഥലങ്ങളിൽവെച്ച് യോഗം ചേരുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി തെളിവെടുപ്പ് നടത്തുകയും വിവിധ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും സമിതിയുടെ ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 03.02.2026ൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഇ. ചന്ദ്രശേഖരൻ
ചെയർമാൻ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
04.02.2026.

## റിപ്പോർട്ട്

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഘടകമാണ് ജലം. ഭൂമിയിലുള്ള ജലസമ്പത്തിന്റെ 97.2%വും മനുഷ്യന്റെ ദൈനംദിനാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കാത്ത സമുദ്രജലമാണ്. ആഗോള ജലസമ്പത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമാണ് ശുദ്ധജലതടാകങ്ങളിലും നദികളിലും കാണപ്പെടുന്നത് എന്നതിനാൽത്തന്നെ ശുദ്ധജല വിതരണ സംവിധാനം ഒരു സമൂഹത്തിന്റെ ആരോഗ്യത്തിനും വികസനത്തിനും അനിവാര്യമായ ഘടകമായി കണക്കാക്കപ്പെടുന്നു. ആരോഗ്യം, ശുചിത്വം, സമൂഹത്തിന്റെ സമഗ്രവികസനം എന്നിവയ്ക്കെല്ലാം ശുദ്ധജല ലഭ്യത അത്യന്താപേക്ഷിതമാണ്.

2. കേരളത്തിൽ കാലവർഷവും തുലാവർഷവുമായി ഏതാണ്ട് നാലുമാസം നന്നായി മഴ ലഭിക്കുന്നുണ്ടെങ്കിലും ബാക്കിയുള്ള മാസങ്ങളിൽ മഴ വളരെക്കുറവാണ്. ഭൂപ്രകൃതിയുടെ പ്രത്യേകത നിമിത്തം നമ്മുടെ സംസ്ഥാനത്ത് ലഭ്യമാകുന്ന മഴവെള്ളം കുത്തിയൊലിച്ച് കടലിലേക്ക് പോകുന്ന സാഹചര്യവും നിലനിൽക്കുന്നു. ജലം ഭൂമിയിലേക്ക് താഴ്ന്നിറങ്ങാത്തത് വേനൽക്കാലത്ത് ജലദൗർലഭ്യം രൂക്ഷമാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്.

3. സംസ്ഥാനത്ത് ശുദ്ധജല വിതരണം നടത്തുന്നതിനുള്ള പൂർണ്ണ ചുമതല പൊതുമേഖലാ സ്ഥാപനമായ കേരള വാട്ടർ അതോറിറ്റിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ശുദ്ധജല പദ്ധതികളുടെ രൂപീകരണം മുതൽ അവയുടെ നിർമ്മാണം, പരിപാലനം, നിരീക്ഷണം, ഉപഭോക്തൃ സേവനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തങ്ങൾക്കും കുടിവെള്ള വിതരണ പദ്ധതിയ്ക്കും ജനജീവിതത്തിൽ വലിയ സ്വാധീനമുണ്ട്.

**കുടിവെള്ള പദ്ധതികൾക്കായുള്ള പ്രധാന ധന സ്രോതസ്സുകൾ**

4. നഗരങ്ങൾക്കുള്ള AMRUT, ഗ്രാമങ്ങൾക്കുള്ള JJM പദ്ധതികൾ എന്നിവകൂടാതെ KIIFB, STATE PLAN, NABARD എന്നിവയും എം.പി. വർക്സ്/ എം.എൽ.എ ആസ്തി വികസന ഫണ്ട്, ഡെപ്പോസിറ്റ്, ആർ.കെ.ഐ, ഗവൺമെന്റ് ഓഫ് ഇൻഡ്യ, സ്മാർട്ട് സിറ്റി തുടങ്ങിയവയാണ് ജല വിതരണ പദ്ധതികൾ

നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്കുള്ള പ്രധാന ധനസ്രോതസ്സുകൾ. തിരുവനന്തപുരം ജില്ലയിൽ ജലവിതരണത്തിന്റെ പുനരുദ്ധാരണത്തിനും, പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി 351616.70 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്നും ഇത് 916 പാക്കേജുകളായാണ് ടെണ്ടർ ചെയ്ത് പുരോഗമിച്ചു വരുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

<u>തിരുവനന്തപുരം ജില്ലയിലെ ജലവിതരണ പദ്ധതികൾ</u>

5. കേരളത്തിന്റെ തലസ്ഥാനമായതുകൊണ്ടുതന്നെ തിരുവനന്തപുരം ജില്ലയിലെ ജലവിതരണവും ജലപരിപാലനവും അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. 2192 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 78 കി.മി തീരപ്രദേശവുമുള്ള തിരുവനന്തപുരം ജില്ല, ഒരു കോർപ്പറേഷനും വർക്കല, ആറ്റിങ്ങൽ, നെടുമങ്ങാട് നെയ്യാറ്റിൻകര എന്നീ മുനിസിപ്പാലിറ്റികളും 73 ഗ്രാമ പഞ്ചായത്തുകളും ചേർന്നതാണ്. ജില്ലയിൽ ആകെയുള്ള **35.40** ലക്ഷം ജനങ്ങളിൽ **13.42** ലക്ഷം പേർ നഗരപ്രദേശങ്ങളിലും **21.98** ലക്ഷം പേർ ഗ്രാമീണമേഖലയിലുമായി അധിവസിച്ചുവരുന്നു. ഈ ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലേയ്ക്കും കുടിവെള്ളം എത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ മുഖ്യജലസ്രോതസ്സുകൾ നെയ്യാർ, കരമന, വാമനപുരം എന്നീ നദികളിൽ സ്ഥാപിച്ചിട്ടുള്ള നെയ്യാർ, അരുവിക്കര, പേപ്പാറ എന്നീ ഡാമുകളാണ്.

**6.** 6,28,218 ഗാർഹിക കണക്ഷനുകളും, 71875 ഗാർഹിക വ്യാവസായിക കണക്ഷനുകളുമാണ് ജില്ലയിൽ നൽകിയിട്ടുള്ളതെന്നും നിലവിൽ ജില്ലയിൽ കേരള വാട്ടർ അതോറിറ്റി ആകെ വിതരണം ചെയ്യുന്നത് പ്രതിദിനം ഏകദേശം 5950 ലക്ഷം ലിറ്റർ കുടിവെള്ളമാണെന്നും നഗരപ്രദേശത്ത് ഇപ്പോഴത്തെ ശുദ്ധജല ആവശ്യകത **469 MLD** ആണെങ്കിലും നിലവിലുള്ള വിവിധ പദ്ധതികളിൽ നിന്നുള്ള ഉത്പാദനം **409 MLD** മാത്രമാണെന്നും തെളിവെടുപ്പിലൂടെ സമിതിക്ക് ബോധ്യമായി.

7. രാജഭരണകാലത്തുതന്നെ ശുദ്ധജല വിതരണം ആരംഭിച്ച ഭൂപ്രദേശമാണ് തിരുവനന്തപുരം ജില്ല. നഗരത്തിൽ കുടിവെള്ള വിതരണത്തിനായി ആദ്യം വിഭാവനം ചെയ്ത പദ്ധതിയാണ് 1933-ൽ നടപ്പിലാക്കിയ 36 എം.എൽ.ഡി.

ശേഷിയുള്ള വില്ലിംഗ്ടൺ വാട്ടർവർക്സ് പദ്ധതി. അരുവിക്കരയിൽ നിന്നും വെള്ളയമ്പലം ട്രീറ്റ്മെന്റ് പ്ലാന്റിൽ ജലം എത്തിച്ച് ശുദ്ധീകരിക്കുന്ന പ്രസ്തുത പദ്ധതി മുഖാന്തിരമാണ് നഗരപ്രദേശങ്ങളിൽ വിതരണത്തിനായി കുടിവെള്ളം എത്തിക്കുന്നത്. തിരുവനന്തപുരം നഗരത്തിന്റെ സമീപത്തുള്ള ഗ്രാമീണ പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 1972-ൽ നടപ്പിലാക്കിയ പദ്ധതിയാണ് 72 എം.എൽ.ഡി.യുടെ തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീം. കരമനയാറ്റിലെ കുണ്ടമൺ കടവിൽ നിന്നും പി.ടി.പി. നഗറിലുള്ള പ്ലാന്റിൽ എത്തിക്കുന്ന വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുന്നതിനായി 1992-ൽ നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് 13.5 എം.എൽ.ഡി. ശേഷിയുള്ള തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീം ടു തിരുമല സോൺ.

8. കൂടുതൽ നഗര പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് 1999-ലെ 86 എം.എൽ.ഡി.യുടെ Interim Augmentation പദ്ധതി. കുണ്ടമൺ കടവിൽ നിന്നും പി.ടി.പി നഗറിലുള്ള പ്ലാന്റിൽ വെള്ളം എത്തിച്ച് ശുദ്ധീകരിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനായി 2004-ൽ നടപ്പിലാക്കിയ പദ്ധതിയാണ് 16 എം.എൽ.ഡി. ശേഷിയുള്ള Augmentation of TWSS to Thirumala Zone. കരമനയാറ്റിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തി പാറമലയിൽ സ്ഥിതിചെയ്യുന്ന ശുദ്ധീകരണശാലയിൽ നിന്നും 5 എം.എൽ.ഡി. ജലം വിതരണം ചെയ്യുന്ന പദ്ധതിയാണ് TWSS to Thrikkannapuram – Mudavanmughal. 2010-ൽ നടപ്പിലാക്കിയ 74 എം.എൽ.ഡി ശേഷിയുള്ള Augmentation to TWSS എന്ന JICA പദ്ധതിയിലൂടെ ശുദ്ധജല വിതരണത്തിന്റെ അളവ് വർദ്ധിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

**AMRUT**

**9.** അമൃത് 1.0 പദ്ധതിയിൽ വാട്ടർ സപ്ലൈക്കായി 2015-16 ൽ 7 കോടി രൂപയുടെയും 2016-17-ൽ 4.04 കോടി രൂപയുടെയും 2017-18 ൽ 25 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ടെന്നും കൂടാതെ നഗര പ്രദേശങ്ങളിൽ ശുദ്ധജല വിതരണം

കാര്യക്ഷമമാക്കുന്നതിനും 100% വീടുകളിലും കണക്ഷൻ നൽകുന്നതിനുമുള്ള പദ്ധതിയായ AMRUT 2.-ൽ കുടിവെള്ള പദ്ധതിക്കായി 269.062 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നും ലഭ്യമായ മറുപടിയിലൂടെ സമിതി മനസ്സിലാക്കുന്നു. .

10. ജല ശുദ്ധീകരണശാലയോടു കൂടിയ സമഗ്ര പദ്ധതികളും കുഴൽ കിണറുകൾ, പുഴയിലെ ഗ്യാലറി എന്നിവ സ്രോതസ്സുകളായുള്ള ചെറുകിട പദ്ധതികളും മുഖാന്തിരമാണ് തിരുവനന്തപുരം ജില്ലയിലെ 73 പഞ്ചായത്തുകളിലും കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത്. ഇതിനു പുറമേ നഗര പ്രാന്ത പ്രദേശങ്ങളിൽ ഉള്ള ഗ്രാമങ്ങളിൽ നഗരത്തിനായി നിർമ്മിച്ചിരിക്കുന്ന ജലശുദ്ധീകരണശാലയിൽ നിന്നും വെള്ളം നൽകുന്നുണ്ടെന്നും പ്രസ്തുത പഞ്ചായത്തുകൾക്കായി 2050 ലക്ഷം ലിറ്റർ ജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഈ പദ്ധതികളുടെ സ്രോതസ്സ് നെയ്യാർ, കരമന, വാമനപുരം നദികളാണെന്നും കൂടാതെ ചില പഞ്ചായത്തുകളിൽ കുഴൽ കിണറുകളും സ്രോതസ്സായി ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

**<u>പഞ്ചായത്തുകൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

11. ഗ്രാമ പ്രദേശങ്ങളിലെ കുടിവെള്ള വിതരണം വിപുലീകരിക്കുന്നതിനും എല്ലാ ഭവനങ്ങളിലും പൈപ്പ് വഴി കുടിവെള്ളം എത്തിക്കുന്നതിനും ജലജീവൻ മിഷൻ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ അഞ്ച് ഘട്ടങ്ങളിലായി 2843.26 കോടി രൂപയുടെ പദ്ധതി അനുവദിച്ചിട്ടുള്ളതായി സമിതി നിരീക്ഷിക്കുന്നു. 2024 മാർച്ചോടുകൂടി ജില്ലയിൽ എല്ലാ ഗ്രാമീണ വീടുകളിലും പൈപ്പ് വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്നും ഇതിനായി FHTC (Functional House hold Tap Connection) അതായത് വെള്ളം ലഭിക്കുന്ന ടാപ്പ് കണക്ഷനുകൾ 686029 എണ്ണം നൽകുക എന്ന ദൗത്യമാണ് വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്നതെന്നും ഇതിൽ 327471 വീടുകൾക്ക് (47%) ടാപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും 325485 എണ്ണത്തിന് ടെണ്ടറുകൾ ക്ഷണിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ സ്ഥല

ലഭ്യതയുടെ കുറവ് കാരണം പ്രവൃത്തി ആരംഭിക്കാത്തവയും പല പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തവയും എസ്റ്റിമേറ്റ് പുതുക്കേണ്ടവയുമാണെന്നും ഇവ എത്രയും പെട്ടെന്ന് ടെണ്ടർ ചെയ്ത് പ്രവർത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തുന്നു. നിലവിൽ സ്രോതസ്സിന്റെ അപര്യാപ്തത ഉള്ളതും ഉൽപാദന ഘടകങ്ങൾ ഇല്ലാത്തതുമായ പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതെന്നും നിലവിൽ സ്രോതസ്സുള്ള പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ടാപ്പുകൾ നൽകുന്നതിനും മറ്റ് ധനസ്രോതസ്സുകളിൽ നിന്ന് നേരത്തെ ഉൽപാദന ഘടകങ്ങൾ പണിയുന്നതിന് അനുവാദം ലഭിച്ച് പ്രവൃത്തി തുടങ്ങിയ പദ്ധതികളിൽ വിതരണശൃംഖല ഇട്ട് FHTC നൽകുന്നതിനുമാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതെന്നും ഇപ്രകാരം ഗ്രാമങ്ങൾക്കായുള്ള ജലവിതരണത്തിൽ ജില്ലയിൽ 19 പ്രധാന കുടിവെള്ള പദ്ധതികളാണ് നടന്നുവരുന്നതെന്നും, വിതരണശൃംഖല ഇട്ട് FHTC കൊടുക്കുന്ന പ്രവൃത്തി മാത്രമുള്ളത് 17 പഞ്ചായത്തുകളിലാണെന്നും സമിതി നിരീക്ഷിക്കുന്നു. കൂടാതെ തിരുവനന്തപുരം കോർപ്പറേഷന് സമീപമുള്ള കല്ലിയൂർ പഞ്ചായത്തിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകി "ഹർ ഘർ ജൽ" പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

**<u>നബാർഡ്</u>**

12. നബാർഡിന്റെ ധനസഹായത്തോടെ 2024-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന FHTC യുടെ നിലവിലെ സ്ഥിതി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലയിൽ 5 പ്രധാന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇവയിൽ വിതുര, തൊളിക്കോട് വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും പൂവാർ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഏകദേശം 55% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും 2 പ്രവൃത്തികൾ പുരോഗമിക്കുന്നതായും സമിതി

മനസ്സിലാക്കുന്നു. നബാർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കിഫ്ബി**

13. കിഫ്ബി പദ്ധതിയിൽ 385 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള 32 പ്രവൃത്തികളാണുള്ളതെന്നും ഇവയിൽ 13 പ്രവൃത്തികൾ പുരോഗമിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. കൂടാതെ കാലപ്പഴക്കമുള്ള പൈപ്പ് ലൈനുകളിൽ അടിക്കടിയുണ്ടാകുന്ന ചോർച്ചകൾ മൂലം നഗരത്തിലെ കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിനായി മൂന്ന് പദ്ധതികൾക്ക് കിഫ്ബി വഴി ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും അവയിൽ ഭഗത്സിംഗ് നഗർ മുതൽ മണ്ണന്തല ഭൂതലജലസംഭരണി വരെ 215 മി.മീ. വ്യാസമുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകൾ മാറ്റി 250 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും, ഒബ്സർവേറ്ററി മുതൽ ആയുർവേദ കോളേജ് വരെയുള്ള പ്രവൃത്തിയുടെ 34% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, പേരൂർക്കട മുതൽ മൺവിള വരെയുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ശുദ്ധജല വിതരണം തടസ്സരഹിതമായി നിർവ്വഹിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**GOI/സ്റ്റേറ്റ് പ്ലാൻ**

14. GOI പദ്ധതിയിൽ 23 കോടിരൂപയുടെ 7 പ്രവൃത്തികളിൽ നാല് പ്രവൃത്തികൾ പുരോഗതിയിലാണെന്ന് സമിതി നിരീക്ഷിക്കുന്നു.

15. സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ 207 കോടി രൂപയുടെ 740 പ്രവൃത്തികളിൽ 174 പ്രവൃത്തികൾ പുരോഗമിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ കൃത്യമായി പാലിച്ച് ഫണ്ട് ലഭ്യമാക്കി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ജലജീവൻ മിഷൻ**

**16.** ഗ്രാമീണ മേഖലയിൽ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി 2019-ൽ ആരംഭിച്ച് 2024-ൽ അവസാനിക്കേണ്ടിയിരുന്ന, ദേശീയതലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ (50:50) മുന്നോട്ടുപോകുന്ന പ്രസ്തുത പദ്ധതി കേരള ജലഅതോറിറ്റിയുടെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 3,05,110.78 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 73 പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്നും പ്രസ്തുത പ്രവൃത്തികളുടെ ഏകദേശം 55% പൂർത്തീകരിച്ചിട്ടുണ്ടെന്നും ജലജീവൻ മിഷൻ പദ്ധതി 2028 വരെ ദീർഘിപ്പിക്കുമ്പോൾ പോലും കേരളത്തിലെ ഗ്രാമീണ വീടുകളിൽ 38.15% കണക്ഷനുകൾ മാത്രമേ നൽകാൻ കഴിയുകയുള്ളുവെന്നും സമിതി നിരീക്ഷിക്കുന്നു.

17. തിരുവനന്തപുരം കോർപ്പറേഷനിലെ തീരദേശ ഡിവിഷനുകളായ വിഴിഞ്ഞം, മുല്ലൂർ, കോട്ടപ്പുറം ഹാർബർ, വെങ്ങാനൂർ എന്നിവിടങ്ങളിലേയ്ക്ക് വെള്ളായണി, ആഴാകുളം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ നിന്നും പൂർണ്ണതോതിൽ ജലവിതരണം നടക്കുന്നില്ലെന്നും പ്രസ്തുത സ്ഥലങ്ങളിലേക്കുള്ള ജലവിതരണത്തിനായി മുക്കോല 10 LL OHSR, ആഴാകുളം 18 LL OHSR എന്നീ സംഭരണികളിൽ എത്തുന്ന ജലം പരിമിതമായതിനാൽ ആഴ്ചയിൽ രണ്ടു ദിവസം മാത്രമേ ജലവിതരണം നടത്തുന്നുള്ളുവെന്നും സമിതി നിരീക്ഷിക്കുന്നു. എന്നാൽ അമൃത് 2.0-ൽ ഉൾപ്പെടുത്തിയ തിരുവനന്തപുരം നഗരശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ വെള്ളായണി പ്ലാന്റിൽ നിന്നും തിരുവനന്തപുരം നഗരത്തിലെ പ്രദേശങ്ങളിലേക്ക് ജലം ലഭ്യമാക്കുന്നതിനും കൂടാതെ പ്ലാന്റിൽ നിന്നും അധികമായി ലഭിക്കുന്ന ജലം ഒന്നിടവിട്ട ദിവസങ്ങളിൽ വിഴിഞ്ഞം പ്രദേശത്തേക്ക് വിതരണം ചെയ്യുന്നതിനും സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനസജ്ജമായതോടെ അനുബന്ധ വികസനം പദ്ധതി പ്രദേശത്ത് ഉണ്ടാകുമെന്നും പ്രദേശത്തെ ശുദ്ധജലത്തിന്റെ ആവശ്യകത

വർദ്ധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ **<u>വെള്ളായണിയിൽ സ്ഥിതിചെയ്യുന്ന 21.9 എം.എൽ.ഡി. ജലശുദ്ധീകരണശാലയ്ക്ക് സമീപം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പുതിയതായി 75 എം.എൽ.ഡി/ 100 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.</u>**

18. അരുവിക്കര ഡാം നിർമ്മിച്ചതിനുശേഷം അവിടെ അടിഞ്ഞുകൂടിയിരിക്കുന്ന മണലും ചെളിയും നീക്കംചെയ്തിട്ടില്ലെന്ന് വിലയിരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021-2023), ഡീസിൽറ്റേഷൻ പ്രവൃത്തി നടത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. അതനുസരിച്ച് പ്രസ്തുത പ്രവൃത്തി കേരള ഇറിഗേഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കമ്മിറ്റി (KIIDC) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളതായും വാട്ടർ അതോറിറ്റി MoU ഒപ്പ് വെയ്ക്കുകയും ടെൻഡറിംഗ് നടപടികൾ പൂർത്തിയാക്കി DIVINE SHIPPING SERVICES, CIA & MARINE SERVICES 703, ATLANTA TOWER, GULBAI TERKRA, AHAMEDABAD എന്ന കമ്പനിയെ ഏൽപ്പിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. **<u>പ്രസ്തുത ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>**

19. തിരുവനന്തപുരം ജില്ലയിലെ പല സ്ഥലങ്ങളിലും രണ്ടാഴ്ചയിലൊരിക്കൽ മാത്രമാണ് കുടിവെള്ളം ലഭിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **<u>കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒന്നോ രണ്ടോ ഉദ്യോഗസ്ഥർ അടങ്ങുന്ന സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് എല്ലാ ദിവസവും എല്ലായിടത്തും ഒന്ന് രണ്ട് മണിക്കൂറെങ്കിലും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും മാൻഹോൾ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് കണക്ഷൻ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>**

20. കുടിവെള്ള വിതരണപൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡ് കുഴിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച റോഡ് പുനഃസ്ഥാപന തുകയ്ക്കുള്ള ഡിമാൻഡ് നോട്ടീസുകൾ പൊതുമരാമത്ത് വകുപ്പുകൾ തുടങ്ങിയ ഏജൻസികളിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിലും പദ്ധതികൾക്കുള്ള ഫണ്ടിന്റെ അഭാവം മൂലം പുനഃസ്ഥാപന തുകയൊടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ

റോഡ് കുഴിക്കുന്നതിന് അനുമതി ലഭ്യമാകാതിരിക്കുകയും പ്രവൃത്തി ആരംഭിക്കാൻ കാലതാമസം ഉണ്ടാവുകയും ചെയ്യുന്നുവെന്നും, വകുപ്പുകളുടെ സഹകരണമില്ലായ്മയാണ് പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകാൻ കാരണമെന്നും സമിതി വിലയിരുത്തുന്നു. **പൊതുമരാമത്ത് വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും സഹകരണത്തിലൂടെ മാത്രമേ താമസംവിനാ പദ്ധതി പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന് അഭിപ്രായപ്പെട്ട സമിതി ഇതിനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കണമെന്നും പ്രസ്തുത കമ്മിറ്റി ഓരോ മാസവും റിവ്യൂ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്തണമെന്നും ശിപാർശ ചെയ്യുന്നു.**

21. പുതുകുന്ന് ഭാഗത്ത് പമ്പ്ഹൗസുകൾ നിർമ്മിച്ച് ജലം ലഭ്യമാക്കുന്നതിന് പൈപ്പ് ലൈനുകൾ സ്ഥാപിച്ചിരുന്നെങ്കിലും കാലപ്പഴക്കം ചെന്ന 900 mm PSC പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തിയും കൂടുതൽ ജലം സ്കീം ഓഗമെന്റേഷൻ നടത്തി പുതുക്കുന്ന് ഭാഗത്ത് എത്തിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കാത്തതിനാൽ ആഴ്ചയിൽ രണ്ട് ദിവസം മാത്രമാണ് പ്രസ്തുത പ്രദേശത്തേക്ക് ജലവിതരണം സാധ്യമാകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി പുതുകുന്ന്-മൺവിള ഭാഗത്ത് വെള്ളം ലഭ്യമാക്കുന്നതിന് കാലപ്പഴക്കം ചെന്ന 900 mm PSC പൈപ്പ് മാറ്റി ഫീഡർ ലൈനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് Rehabilitation of the existing PSC pipe transmission main with M.S. pipe from Peroorkada to Manvila including interconnection and allied works എന്ന പ്രവൃത്തിക്ക് tendered PAC യെക്കാൾ 22.5% അധികരിച്ച തുകയ്ക്ക് ദർഘാസ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുണ്ടെങ്കിലും പ്രസ്തുത പ്രവൃത്തി പാതിവഴിയിലാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ **തിരുവനന്തപുരം ജില്ലയിലെ പുതുകുന്ന്-മൺവിള ഭാഗത്ത് ദിനംപ്രതി ജലവിതരണം സാധ്യമാക്കുന്ന ഫീഡർ ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും ആയതു സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

22. തിരുവനന്തപുരം നഗരത്തിന് 100 എം.എൽ.ഡി.യും സമീപ പഞ്ചായത്തുകളായ മാറനല്ലൂർ, മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ എന്നിവയ്ക്ക് 20 എം.എൽ.ഡി.യും ശുദ്ധജലം ലഭ്യമാക്കുന്നതിന് നെയ്യാർ ഡാം മുതൽ പി.റ്റി.പി നഗർ

വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 208.962 കോടി രൂപ അനുവദിക്കുകയും, പി.റ്റി.പി. നഗറിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയ്ക്ക് 206.92 കോടി രൂപയുടെ അംഗീകാരം കിഫ്ബി വഴി ലഭിക്കുകയും ചെയ്തിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ അലൈൻമെന്റ് സംബന്ധിച്ച് ചില പുതിയ നിർദ്ദേശങ്ങൾ കിഫ്ബി മുന്നോട്ടു വയ്ക്കുകയും പുതിയ അലൈൻമെന്റ് പ്രകാരമുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ കൺസൾട്ടിംഗ് സ്ഥാപനമായ റൈറ്റ്സ് മുഖേന തയ്യാറാക്കിവരുന്നുണ്ടെന്നും വിലയിരുത്തിയ സമിതി, **പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാണമെന്ന് ശിപാർശ ചെയ്യുന്നു.**

23. ആനാട്, കുറുപുഴ, പാലോട് പഞ്ചായത്തുകൾക്കായുള്ള 1600 ലക്ഷം രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ജലശുദ്ധീകരണ ശാലയിലും, റോ വാട്ടർ പമ്പ്ഹൗസിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭ്യമാകാത്തതിനാൽ പ്രവൃത്തി പൂർത്തീകരണം സാധ്യമായിട്ടില്ലെന്നും വിലയിരുത്തിയ സമിതി, **ആനാട്, കുറുപുഴ, പാലോട് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട പ്രവൃത്തി പൂർത്തീകരണത്തിന് അനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുന്നതിനുമുള്ള കാരണം വ്യക്തമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

24. അരുവിക്കരയിൽ നിന്നും കഴക്കൂട്ടത്തേക്ക് വെള്ളമെത്തിക്കാൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയിൽ 96 കോടി രൂപയുടെ പ്രവൃത്തി ആദ്യഘട്ടത്തിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടത്തുന്നതിന് കമ്പനിക്ക് കരാർ നൽകിയെന്നും തിരുവനന്തപുരം കോർപ്പറേഷനിൽ ചന്തവിള, കാട്ടായിക്കോണം, കഴക്കൂട്ടം എന്നിവിടങ്ങളിലാണ് ഏറ്റവും കുറച്ച് വാട്ടർ സപ്ലൈയുള്ളതെന്നും പദ്ധതി പൂർത്തീകരിക്കുന്നതോടെ ഈ മേഖലകളിൽ ജലദൗർലഭ്യം കുറയുമെന്നും മനസ്സിലാക്കിയ സമിതി, **പദ്ധതി പൂർത്തീകരണം സമയബന്ധിതമായി നടപ്പാക്കണമെന്നും ആയതിന് കരാറുകാരുടെ ഭാഗത്ത് നിന്നാണ് വീഴ്ച ഉണ്ടായതെങ്കിൽ പ്രസ്തുത കരാറുകാരെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.**

25. തിരുവനന്തപുരം ജില്ലയിലെ വലിയ പഞ്ചായത്തായ പെരിങ്ങമലയുടെ മുഴവൻ പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജലജീവൻ മിഷൻ മുഖേന ആരംഭിച്ച 128 കോടിയുടെ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയാണ് പെരിങ്ങമല കുടിവെള്ള പദ്ധതി. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലും കോളനികളിലും ആദിവാസി മേഖലകളിലും ശുദ്ധജലമെത്തിക്കുവാൻ സഹായകരമായ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ വർഷങ്ങളായി ജലദൗർലഭ്യം അനുഭവപ്പെടുന്ന ആനാട്, നന്ദിയോട് പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി ആരംഭിച്ച നന്ദിയോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **പെരിങ്ങമല പദ്ധതി, ആനാട്-നന്ദിയോട് സമഗ്ര കുടിവെള്ളപദ്ധതി എന്നിവ അടിയന്തരമായി പൂർത്തീകരിക്കണമെന്നും ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.**

**മലിനജല സംസ്കരണം**

26. തിരുവനന്തപുരം കോർപ്പറേഷനിൽ കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ മലിനജല സംസ്കരണം നടത്തുന്നതായും ഇതിനായി 107 MLD ശേഷിയുള്ള ഒരു മലിനജല ശുദ്ധീകരണശാല പ്രവർത്തിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. 2015 മുതൽ 2018 വരെയുള്ള വർഷങ്ങളിലായി 173.093 കോടിരൂപ അനുവദിച്ച സീവറേജ് പ്രവൃത്തികളുടെ 80% പൂർത്തീകരിച്ചിട്ടുള്ളതായും, തിരുവനന്തപുരം ജില്ലയിലെ നിലവിലുള്ള മലിനജല സംസ്കരണസംവിധാനം വിപുലപ്പെടുത്തുന്നതിനും സംസ്കരണശൃംഖല നീട്ടുന്നതിനുമായി 104.632 കോടി രൂപ 37 പദ്ധതികൾ ഉൾപ്പെടുന്ന അമൃത് 2.0 യിൽ അനുവദിച്ചതായും പ്രസ്തുത പ്രവൃത്തികളിൽ 32.81 കോടി രൂപയുടെ സീവറേജ് പ്രവൃത്തികൾ അമൃത് 1.0 ലേക്ക് മാറ്റിയിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു.

**27.** അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കഴക്കൂട്ടം സീവറേജുമായി ബന്ധപ്പെട്ട പൈപ്പ് ലൈൻ പ്രവൃത്തികളിൽ ഏതാണ്ട് 200 മീറ്ററോളം പൈപ്പ് ലൈൻ കൂടി സ്ഥാപിക്കേണ്ടതായിട്ടുണ്ടെന്നും ഇടത്തറ, ആക്കുളം, കരിമണൽ, കുളത്തൂർ എന്നിവിടങ്ങളിലെ പമ്പ്ഹൗസുകളുടെ നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണെന്നും അടിക്കടിയുള്ള കനത്ത മഴ പ്രവൃത്തികളുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ <u>**ജില്ലയിലെ മലിനജല സംസ്കരണസംവിധാനം വിപുലപ്പെടുത്തുന്നതിനും സാങ്കേതികവത്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**</u>

**28.** ജെ.ജെ.എം. പദ്ധതി പ്രകാരം 45,000 കോടി രൂപയുടെ പ്രവൃത്തി വാട്ടർ അതോറിറ്റിക്ക് 5 വർഷത്തിനുള്ളിൽ ഏറ്റെടുക്കേണ്ടിവന്നുവെന്നും കൂടാതെ അമൃത് പദ്ധതി മുഖേന അധികമായി 30,000 കോടി രൂപയുടെ വർക്കുകൂടി ചെയ്യേണ്ടിവന്നുവെന്നും ആയതിനാൽ ഒരു വർഷം ശരാശരി 2000-3000 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്യുന്നതിന് പകരം 6000-7000 കോടി രൂപയുടെ പ്രവൃത്തികൾ ചെയ്യേണ്ടിവന്നുവെന്നും രേഖകളിലൂടെ സമിതിക്ക് ബോധ്യമാകുന്നു. എന്നാൽ നിലവിലെ കരാറുകാർക്ക് ആയതിനുള്ള കപ്പാസിറ്റിയില്ലെന്നും കൂടാതെ കരാറുകാർക്ക് വലിയ കുടിശ്ശിക തുക കൊടുത്തുതീർക്കേണ്ടതായിട്ടുള്ളതിനാലുമാണ് പദ്ധതി പൂർത്തീകരണം നീണ്ടുപോയതെന്നും സമിതി മനസ്സിലാക്കുന്നു. വാട്ടർ അതോറിറ്റിയിൽ 4800-ഓളം വരുന്ന ടെക്നിക്കൽ സ്റ്റാഫുകൾ വാട്ടർ സപ്ലൈയിൽ വൈദഗ്ധ്യമുള്ളവരാണെങ്കിലും പുതിയ ടെക്നോളജി പഠിച്ചുവരുന്നതിന് കാലതാമസം വരുന്നുവെന്നും സ്വീവറേജ് പദ്ധതിയുടെ പ്രവർത്തന മേഖലയിൽ നിയമിതരാകുന്ന ജീവനക്കാരെ നിരന്തരം മാറ്റുന്നത് പദ്ധതി പൂർത്തീകരണത്തിൽ വലിയ കാലതാമസം സൃഷ്ടിക്കുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. എട്ട് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച സ്വീവറേജ് പദ്ധതി, മേൽപരാമർശിച്ച സാങ്കേതിക ബുദ്ധിമുട്ടുകൾ മൂലമാണ് പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായതെന്ന് വിലയിരുത്തിയ സമിതി, <u>**പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ജലവിഭവ വകുപ്പിന്റെ ഭാഗത്ത് നിന്നും നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു.**</u>

29. വരൾച്ച മുന്നിൽ കണ്ട് വേനൽ കാലത്ത് നദിയിൽ തടയണ കെട്ടിയും പമ്പിങ് സമയം കൂട്ടിയും വാൽവുകൾ ക്രമീകരിച്ചും ശുദ്ധജല ദുരുപയോഗം തടയാൻ സ്ക്വാഡുകൾ രൂപീകരിച്ചും വേനൽകാല കുടിവെള്ള വിതരണം നടത്തിവരുന്നതായും പുതിയ വാൽവുകൾ സ്ഥാപിച്ചും ലൈനുകളിൽ ലീക്കുകൾ വന്നാൽ സമയബന്ധിതമായി പരിഹരിച്ചും പമ്പ്ഹൗസുകളിൽ സ്റ്റാന്റ്ബൈ പമ്പ് സെറ്റുകൾ കേടുപാട് തീർത്ത് പ്രവർത്തനസജ്ജമാക്കിയും ജലവിതരണ ഷെഡ്യൂൾ തയ്യാറാക്കിയും വാട്ടർ അതോറിറ്റി ജലവിതരണം കാര്യക്ഷമമാക്കിവരുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും മതിയായ ജീവനക്കാരുടെ കുറവും കുടിശ്ശിക തുക നൽകാത്തതിനാൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിൽ വിമുഖത കാണിക്കുന്നതും പ്രവൃത്തികളുടെ പൂർത്തീകരണം മന്ദഗതിയിലാക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ആയതിനാൽ ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിൽ ജലവിഭവവകുപ്പ് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. മുഖ്യ ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ, നദികൾ എന്നിവയെ കളങ്കപ്പെടുത്തുന്നത് ബുദ്ധിവൈഭവത്തിൽ ഒരുപടി മുന്നിൽ നിൽക്കുന്ന മാനവരാശി തന്നെയാണ്. സമഗ്രമായ ആസൂത്രണവും ഫലപ്രദമായ നടപ്പാക്കലും ഉറപ്പാക്കിയാൽ മാത്രമേ കുടിവെള്ള ലഭ്യത ദീർഘകാലമായി നിലനിർത്താൻ കഴിയൂ. പരിപാലന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, ജലസംരക്ഷണ നടപടികൾ വ്യാപിപ്പിക്കൽ, പ്രാദേശിക പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് ആവശ്യമാണ് എന്നും സമിതി നിർദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളം ലഭ്യത ഉറപ്പുവരുത്തുന്നതിനും മലിനജലസംസ്കരണത്തിലും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ ഉതകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

**ഇ. ചന്ദ്രശേഖരൻ**

ചെയർപേഴ്സൺ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം

03.02.2026

## അനുബന്ധം

### തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരിച്ചിട്ടുള്ളതും, പൂർത്തീകരിക്കാനുള്ളതുമായ കുടിവെള്ള പദ്ധതികൾ (നിയോജക മണ്ഡലാടിസ്ഥാനത്തിൽ)

| ക്രമ നമ്പർ | മണ്ഡലം | കോർപ്പറേഷൻ / മുനിസിപ്പാലിറ്റി / പഞ്ചായത്ത് | പൂർത്തീകരിച്ച പദ്ധതികൾ | പൂർത്തീകരിക്കാനുള്ള പദ്ധതികൾ |
|---|---|---|---|---|
| 1 | വർക്കല | വർക്കല മുനിസിപ്പാലിറ്റി | വർക്കല നഗരത്തിനായുള കുടിവെള്ള പദ്ധതി | |
| | | വർക്കല മുനിസിപ്പാലിറ്റി ചെമ്മരുതി, ഇടവ, ഇലകമൺ, വെട്ടൂർ, ഒറ്റൂർ,ചെറുന്നിയൂർ, മണമ്പൂർ പഞ്ചായത്തുകൾ | | വർക്കല മുനിസിപ്പാലിറ്റിയ്ക്കും സമീപമുള്ള പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (JJM) |
| | | പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾ | | പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി (JJM) |
| | | വർക്കല മുനിസിപ്പാലിറ്റി, ഇടവ, ഇലകമൺ, വെട്ടൂർ, ഒറ്റൂർ,ചെറുന്നിയൂർ, മണമ്പൂർ, നാവായിക്കുളം പഞ്ചായത്തുകൾ | വർക്കല മുനിസിപ്പാലിറ്റിയ്ക്കും സമീപമുള്ള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | |
| 2 | ആറ്റിങ്ങൽ | പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾ | | പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (WTP-KIIFB) |

| | | | | |
|---|---|---|---|---|
| | | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, കിഴുവിലം, ചിറയിൻകീഴ് പഞ്ചായത്തുകൾ | ആറ്റിങ്ങൽ നഗരത്തിനായുള്ള കുടിവെള്ള പദ്ധതി | |
| | | ടെക്നോസിറ്റി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി | ടെക്നോസിറ്റി കുടിവെള്ള പദ്ധതി | |
| | | അണ്ടൂർക്കോണം, കഠിനംകുളം, മംഗലാപുരം, പോത്തൻകോട്, അഞ്ചുതെങ്ങ്, മുദാക്കൽ | ഇടക്കോട് കുടിവെള്ളപദ്ധതി | |
| | ആറ്റിങ്ങൽ & വർക്കല | കിളിമാനൂർ, പഴയകുന്നമ്മേൽ &മടവൂർ പഞ്ചായത്തുകൾ | കിളിമാനൂർ, പഴയകുന്നമ്മേൽ & മടവൂർ കുടിവെള്ള പദ്ധതി | |
| 3 | ചിറയിൻ കീഴ് | തീരദേശ പഞ്ചായത്തുകൾ | | ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി (KIIFB) |
| | | മുദാക്കൽ പഞ്ചായത്ത് | | മുദാക്കൽ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾ | | കഠിനംകുളം, മംഗലപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | വക്കം, അഞ്ചുതെങ്ങ് ചിറയിൻകീഴ്, കിഴുവില്ലം കടയ്ക്കാവൂർ പഞ്ചായത്തുകൾ | വക്കം, അഞ്ചുതെങ്ങ് കുടിവെള്ള പദ്ധതി | |

| | | | | |
|---|---|---|---|---|
| | | അണ്ടൂർക്കോണം, കഠിനംകുളം, മംഗലാപുരം, പോത്തൻകോട്, അഞ്ചുതെങ്ങ്, മുദാക്കൽ പഞ്ചായത്തുകൾ | ഇടക്കോട് കുടിവെള്ള പദ്ധതി | |
| 4 | നെടുമങ്ങാട് | പോത്തൻകോട് പഞ്ചായത്ത് | | പോത്തൻകോട് പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | അണ്ടൂർക്കോണം പഞ്ചായത്ത് | | അണ്ടൂർക്കോണം പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | നെടുമങ്ങാട് മുനിസിപ്പാലിറ്റി | നെടുമങ്ങാട് നഗരത്തിനായുള്ള കുടിവെള്ള പദ്ധതി | |
| | | കരകളം പഞ്ചായത്ത് | കരകളം റൂറൽ കുടിവെള്ള പദ്ധതി | |
| 5 | വാമനപുരം | വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾ | | വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾ | | ആനാട്, കുറുപുഴ, വില്ലേജുകൾക്കു വേ ണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി |
| | | പെരിങ്ങമല പഞ്ചായത്ത് | | പെരിങ്ങമ്മല പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി |

| | | | | |
|---|---|---|---|---|
| 6 | അരുവിക്കര | വിതുര, തൊളിക്കോട് പഞ്ചായത്തുകൾ | | വിതുര, തൊളിക്കോട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| | | വിതുര, തൊളിക്കോട് പഞ്ചായത്തുകൾ | വിതുര, തൊളിക്കോട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | |
| | | മണ്ണൂർക്കര, വീരണകാവ്, പെരുങ്കുളം വില്ലേജുകൾ | | മണ്ണൂർക്കര, വീരണകാവ്, പെരുങ്കുളം വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |
| | | ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ | | ആര്യനാട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി |
| 7 | കഴക്കൂട്ടം | | | പേരൂർക്കട മുതൽ മൺവിള വരെയുള്ള പി. എസ്. സി. പൈപ്പുകൾ മാറ്റി എം. എസ്. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (AMRUT) കൊടിക്കുന്നിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ചെറുകിട കുടിവെള്ള പദ്ധതി. |

| | | | | |
|---|---|---|---|---|
| 8 | തിരുവനന്ത പുരം | തിരുവനന്തപുരം കോർപ്പറേഷൻ | | തിരുവനന്തപുരം നഗരത്തിന് 100 എം. എൽ. ഡി-യും സമീപ പഞ്ചായത്തുകൾ 20 എം. എൽ. ഡിയും ശുദ്ധജലം ലഭ്യമാക്കുന്നതിന് നെയ്യാർ ഡാമിനടുത്ത് 120 എം. എൽ. ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം |
| | | | | തിരുവനന്തപുരം നഗരത്തിന് 100 എം. എൽ. ഡി-യും സമീപ പഞ്ചായത്തുകൾ 20 എം. എൽ. ഡിയും ലഭ്യമാക്കുന്നതിന് നെയ്യാർ ഡാം മുതൽ പി. റ്റി. പി.-യിലെ തിരുവനന്തപുരം ജലസംഭരണി വരെ എം. എസ്. പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| | | തിരുവനന്തപുരം കോർപ്പറേഷൻ | തിരുവനന്തപുരം നഗരത്തിനായുള്ള കുടിവെള്ള പദ്ധതി | |
| 9 | പാറശ്ശാല | ആര്യങ്കോട്, പെരുങ്കടവിള പഞ്ചായത്തുകൾ | | ആര്യങ്കോട്, പെരുങ്കടവിള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതി (കിഴക്കൻമല കുടിവെള്ള പദ്ധതി) |

| | | | | |
|---|---|---|---|---|
| | | കൊല്ലയിൽ പഞ്ചായത്ത് | | കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപ പഞ്ചായത്തുകൾ ക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി. |
| | | പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾ | | പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (JJM) |
| | | പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും | പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | |
| | | അമ്പൂരി പഞ്ചായത്ത് | | അമ്പൂരി പഞ്ചായത്തിലെ തൊട്ടുമല വാർഡിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതി. |
| | | ആര്യങ്കോട്, പെരുങ്കടവിള പഞ്ചായത്തുകൾ | | കിഴക്കന്മല പദ്ധതി |
| | | കുന്നത്തുകാൽ പഞ്ചായത്ത് | കുന്നത്തുകാൽ റൂറൽ കുടിവെള്ള പദ്ധതി | |
| | | പെരുങ്കടവിള പഞ്ചായത്ത് | പെരുങ്കടവിള, മാരായമുട്ടം, അരുവിപ്പുറം കുടിവെള്ള പദ്ധതി | |
| | | ആര്യൻകോട് പഞ്ചായത്ത് | ആര്യൻകോട്, ചെമ്പൂര്, ചിലമ്പറ കുടിവെള്ള പദ്ധതി | |
| | | കൊല്ലയിൽ പഞ്ചായത്ത് | ധനുവച്ചപുരം റൂറൽ കുടിവെള്ള പദ്ധതി | |

| | | | | |
|---|---|---|---|---|
| | | കാരോട് പഞ്ചായത്ത് | കുഴിഞ്ഞവിള റൂറൽ കുടിവെള്ള പദ്ധതി | |
| | | കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾ | വലിയകുളം, വീരാളി, ഉച്ചക്കട കുടിവെള്ള പദ്ധതി | |
| | | അതിയന്നൂർ പഞ്ചായത്ത് | അതിയന്നൂർ & കോട്ടുകാൽ (പറച്ചക്കുളം റൂറൽ, അതിയന്നൂർ, കൊല്ലംകോണം, വിഴിഞ്ഞം ) | |
| | | തിരുപുറം പഞ്ചായത്ത് | കാഞ്ഞിരംകുളം, കരുംകുളം, തിരുപുറം, പൂവാർ കുടിവെള്ള പദ്ധതി | |
| | നെയ്യാറ്റിൻ കര പാറശ്ശാല | കള്ളിക്കാട്, കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പാറശ്ശാല പഞ്ചായത്തുകൾ | കള്ളിക്കാട്, കാട്ടാക്കട, മലയിൻകീഴ്, മാറനല്ലൂർ, പാറശ്ശാല കുടിവെള്ള പദ്ധതി | |
| 10 | കാട്ടാക്കട | വിളപ്പിൽ പഞ്ചായത്ത് | വിളപ്പിൽ പഞ്ചായത്തിനു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി | |
| | | പള്ളിച്ചൽ, ബാലരാമപുരം & വിളവൂർക്കൽ പഞ്ചായത്തുകൾ | പള്ളിച്ചൽ, ബാലരാമപുരം & വിളവൂർക്കൽ കുടിവെള്ള പദ്ധതി | |
| 11 | കോവളം | പൂവ്വാർ പഞ്ചായത്ത് | | പൂവ്വാർ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി |

| | | | | |
|---|---|---|---|---|
| | | തിരുവനന്തപുരം കോർപ്പറേഷൻ (വിഴിഞ്ഞം, മുല്ലൂർ. കോട്ടപ്പറം, ഹാർബർ, വെങ്ങാനൂർ) | വിഴിഞ്ഞം കുടിവെള്ള പദ്ധതി | |
| | | കോവളം, വിഴിഞ്ഞം (കോർപ്പറേഷൻ ഏരിയ), കല്ലിയൂർ & വെങ്ങാനൂർ പഞ്ചായത്തുകൾ | കോവളം, വിഴിഞ്ഞം (കോർപ്പറേഷൻ ഏരിയ), കല്ലിയൂർ & വെങ്ങാനൂർ കുടിവെള്ള പദ്ധതി | |
| | | അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾ | | അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണപദ്ധതി (JJM) |
| | | കോട്ടുകാൽ പഞ്ചായത്ത് | ചാവടി, ചൊവ്വര പുളിങ്കുടി, കോട്ടുകാൽ റൂറൽ കുടിവെള്ള പദ്ധതി | |
| | | പൂവാർ പഞ്ചായത്ത് | പൂവാർ, കരിച്ചൽ കുടിവെള്ള പദ്ധതി | |
| | | കല്ലിയൂർ പഞ്ചായത്ത് | വെള്ളായണി കുടിവെള്ള പ്ദ്ധതി | |
| | | വെങ്ങാനൂർ പഞ്ചായത്ത് | വെങ്ങാനൂർ, ആട്ടറമൂല കുടിവെള്ള പദ്ധതി | |
| 12 | നെയ്യാറ്റിൻ കര | കളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾ | | കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി |

| | | | | |
|---|---|---|---|---|
| | | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണം |
| | | നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി | | നെയ്യാറ്റിൻകര നഗരത്തിനായുള്ള കുടിവെള്ള പദ്ധതി |